**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** **13-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്കും പെൻഷൻക്കാർക്കും നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻക്കാർക്കും നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പെൻഷൻകാരുടെ വിഹിതം പകുതിയായി നിജപ്പെടുത്താൻ സർക്കാർ മുൻകൈ എടുക്കുമോ; | (എ) | ജീവനക്കാർക്കും പെൻഷൻകാർക്കും ഒരേ പ്രതിമാസ പ്രീമിയം തുകയായി 500/- രൂപ നിശ്ചയിച്ച് തന്നെയാണ് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 01.07.2022 ൽ മെഡിസെപ് പദ്ധതി ആരംഭിച്ചത്. എൻറോൾ ചെയ്ത പെൻഷൻകാരുടെയും ജീവനക്കാരുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രതിവർഷ പ്രീമിയം കണക്കാക്കി ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതെന്ന് അവരുമായി ഒപ്പിട്ട MoU ൽ പരാമർശിച്ചിട്ടുണ്ട്. ഇത്തരത്തിൽ 6 മാസത്തെ പ്രീമിയം തുക നൽകി കഴിഞ്ഞ സാഹചര്യത്തിലും ഏതെങ്കിലും ഒരു വിഭാഗത്തിന് പ്രീമിയം തുക പകുതിയായി പുനർനിശ്ചയിക്കുന്നതിന് നിലവിൽ നിർവ്വാഹമില്ല. |
| (ബി) | കുടുബപെൻഷൻകാരുടെ വിഹിതം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമോ; | (ബി) | മേൽ പരാമർശിച്ച സാഹചര്യത്തിൽ കുടുബപെൻഷൻകാരുടെ വിഹിതം പൂർണ്ണമായി ഒഴിവാക്കാൻ നിർവ്വാഹമില്ല. |
| (സി) | ലിസ്റ്റ് ചെയ്ത പല ആശുപത്രികളിലും ചില പ്രത്യേക വിഭാഗം ചികിത്സക്ക് മാത്രമേ ആരോഗ്യ ഇൻഷ്വറൻസ് കാർഡ് സ്വീകരിക്കുന്നുള്ളു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | **ചില സ്വകാര്യ ആശുപത്രികളിൽ എംപാനൽ ചെയ്ത പല വകുപ്പുകളിലും ചികിത്സ നിഷേധിക്കുന്നതായുള്ള പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കുകയും ആയതിന്മേൽ നിയമപരമായി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ